"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്—"സംവരണാനുസൃതം പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലോ മറ്റ് പിന്നാക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ വിഭാഗങ്ങൾക്ക് (Economically Weaker Sections)" 10% സംവരണം സംസ്ഥാനത്ത് നടപ്പിലാക്കുന്നത്—മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിലെ കുടുംബ വാർഷിക വരുമാനം കണക്കാക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട്— ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

സ. ഉ.(കൈ)നം.14/2024/P&ARD തിരുവനന്തപുരം, തീയതി 2024 ആഗസ്റ്റ് 5.

---

പരാമർശം:—
1. 12-2-2020-ലെ സ. ഉ. (എംഎസ്) നമ്പർ 2/2020/ഉ.ഭ.പ.വ
2. 3-3-2020-ലെ സ. ഉ. (എംഎസ്) നമ്പർ 5/2020/ഉ.ഭ.പ.വ
3. 4-10-2022-ലെ സ. ഉ. (കൈ) നമ്പർ 23/2022/ഉ.ഭ.പ.വ
4. 25-4-2024-ലെ സ. ഉ. (കൈ) നമ്പർ 3/2024/P&ARD
5. മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള കേരള സംസ്ഥാന കമ്മീഷൻ സെക്രട്ടറിയുടെ 14-8-2023-ലെ A1/87/2023/KSCEBCFC നമ്പർ കത്ത്.

ഉത്തരവ്

സംവരണാനുസൃതം പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലോ മറ്റ് പിന്നാക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ വിഭാഗങ്ങൾക്ക് "(Economically Weaker Sections)" 10% സംവരണം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വിദ്യാഭ്യാസ ആവശ്യത്തിനായി ലഭിക്കുന്ന സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് എന്നിവ വരുമാനമായി പരിഗണിക്കാമോ ഇല്ലയോ എന്നത് സംബന്ധിച്ച് പ്രസ്തുത ഉത്തരവിൽ പരാമർശമില്ലാത്തതിനാൽ EWS സംബന്ധിച്ച ആസ്തി വരുമാനം കണക്കാക്കുമ്പോൾ ബന്ധപ്പെട്ട ചില ഉദ്യോഗസ്ഥർ സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് എന്നിവയിൽ നിന്നും ലഭിക്കുന്ന തുക കൂടി പരിഗണിക്കുന്നതായി മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള കേരള സംസ്ഥാന കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് എന്നിവ വരുമാനം എന്ന നിർവചനത്തിന്റെ പരിധിയിൽ വരുന്നില്ലെന്നും, ആയത് സമർത്ഥരും അർഹരുമായ വിദ്യാർത്ഥികൾക്ക് സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ നൽകുന്ന ധനസഹായം മാത്രമാണെന്നും പ്രസ്തുത തുക വരുമാനമല്ലെന്നും ചിലവിന്റെ ഭാഗമായി മാത്രമേ കണക്കാക്കാൻ പാടുള്ളൂവെന്നും കമ്മീഷൻ നിരീക്ഷിക്കുകയും സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് എന്നിവയിൽ നിന്നും ലഭിക്കുന്ന തുക EWS സംബന്ധിയായ ആസ്തി വരുമാനം നിർണയിക്കുമ്പോൾ പരിഗണിക്കുവാൻ പാടില്ല എന്നത് സംബന്ധിച്ച ഒരു സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിരുന്നു.

GCPT. 3/1672/2024/TP.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) ഉത്തരവിന്റെ ഖണ്ഡിക 4-ലെ 3-ാമത്തെ പിരിവ് പ്രകാരം EWS സംവരണവുമായി ബന്ധപ്പെട്ട് കുടുംബ വാർഷിക വരുമാനം കണക്കാക്കുമ്പോൾ നിലവിൽ ഒഴിവാക്കിയിട്ടുള്ള 7 വരുമാന ഇനങ്ങൾക്ക് താഴെ, 8-ാമതായി 'വിദ്യാഭ്യാസ ആവശ്യത്തിനായി ലഭിക്കുന്ന സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ്' എന്നിവ കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

3. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പുനീത് കുമാർ ഐ. എ. എസ്.**
*അഡീഷണൽ ചീഫ് സെക്രട്ടറി.*

പകർപ്പ് :—

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.

എല്ലാ സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പുകൾക്കും, വകുപ്പുമേധാവികൾക്കും, നിയമനാധികാരികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള കേരള സംസ്ഥാന കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

എല്ലാ സർവകലാശാല രജിസ്ട്രാർമാർക്കും (ആമുഖ കത്ത് സഹിതം).

ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ, തിരുവനന്തപുരം.

എൻട്രൻസ് കമ്മീഷണർ, തിരുവനന്തപുരം.

റവന്യൂ വകുപ്പ്.

ഉന്നതവിദ്യാഭ്യാസ വകുപ്പ്.

പൊതുവിദ്യാഭ്യാസ വകുപ്പ്.

ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്.

പൊതുഭരണ (ഏകോപനം) വകുപ്പ്.

വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ് (മാധ്യമങ്ങളിലൂടെ പ്രചാരണത്തിന്)

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ. ബി, സി) വകുപ്പുകൾ.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.